# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## ഗായകസംഘ പ്രതിഷ്ഠാ ശുശ്രൂഷ

### ദിവ്യ സംഗീത ഞായർ - 2022 മെയ് 22

(മെത്രാപ്പോലീത്താ അംഗീകരിച്ചത്)

### ആരാധനാഹ്വാനം

സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്തുകൊൾവീൻ. എഫെ. 5 : 19, 20

ക്രി. കീ. 57 (കർത്താവിനെ നാം സ്തുതിയ്ക്ക...)

കൗമ്മാ

### പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ സങ്കീർത്തനങ്ങളിലൂടെ നിന്നെ സ്തുതിക്കുവാനും നിന്റെ മഹത്വം ദർശിക്കുവാനും ഞങ്ങളെ ശക്തീകരിക്കേണമേ. ദിവ്യസംഗീതത്തിന്റെ സാർവ്വത്രിക സ്വാധീനശക്തി സുവിശേഷം പ്രചരിപ്പിക്കുന്നതിന് സഹായകരമായി ഉപയോഗിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കുകയും സംഗീതത്തിന്റെ ആദ്ധ്യാത്മീകഭാവം നിന്റെ അതുല്യമായ സ്നേഹത്തിന്റെ പ്രദർശനമായിത്തീരുവാൻ ഇടയാക്കുകയും ചെയ്യേണമേ. കഴിഞ്ഞ നാളുകളിൽ ഗാനങ്ങളിലൂടെയും ദൃശ്യശ്രവ്യ മാധ്യമങ്ങളിലൂടെയും നിന്റെ സൗന്ദര്യം ദർശിക്കുവാനും, മറ്റുള്ളവർക്ക് നിന്റെ ദിവ്യസ്വഭാവം വെളിപ്പെടുത്തിക്കൊടുക്കുവാനും തന്നിട്ടുള്ള അവസരങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. മിശിഹാ മൂലം ഞങ്ങളുടെ പ്രാർത്ഥനകളെ കൈക്കൊള്ളേണമേ.

പ്രതി: **ആമേൻ.**

### അനുതാപ പ്രാർത്ഥന

നമുക്ക് നമ്മുടെ കുറവുകളെ ഓർത്ത് ദൈവസന്നിധിയിൽ അനുതപിക്കാം. താഴെയുള്ള പ്രാർത്ഥനകൾക്ക് പിന്നാലെ '**ഞങ്ങൾ അനുതപിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു**' എന്ന് പ്രതിവാക്യമായി ചൊല്ലണം.

1. താലന്തുകൾ ദൈവദത്തമാണ് എന്നത് മറക്കുകയും അവ സ്വന്തകാര്യലബ്ദിക്കും ഉയർച്ചയ്ക്കുമായി വിനിയോഗിക്കുകയും ഏല്പിക്കപ്പെട്ട ദൗത്യത്തിൽ നിന്ന് വ്യതിചലിച്ചു പോകയും ചെയ്ത കുറവിനെ ഓർത്ത് ദൈവമേ...

പ്രതി: **ഞങ്ങൾ അനുതപിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു.**

2. മറ്റുള്ളവരുടെ വളർച്ചയ്ക്കും ഉന്നതിക്കും വേണ്ടി പ്രയത്നിക്കാതെ അവരെ അവഗണിക്കുകയും, അഹന്ത കൊണ്ടും അജ്ഞത കൊണ്ടും ഞങ്ങളുടെ കാര്യവിചാരകത്വം ഗൗരവമായി കാണാതെ പോയ കുറവിനെ ഓർത്ത് ദൈവമേ...

പ്രതി: **ഞങ്ങൾ അനുതപിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു.**

3. ദൈവമേ നിന്റെ രക്ഷാപദ്ധതിയുടെ ആഴങ്ങളെ ധ്യാനിക്കുവാനും മാനിക്കുവാനും പലപ്പോഴും ഞങ്ങൾ വിമുഖത കാട്ടി. ദൈവവചനത്തിന്റെ മർമ്മങ്ങൾ ഉൾക്കൊള്ളുന്ന കീർത്തനങ്ങൾ ഉള്ളത്തിൽ കൈക്കൊള്ളാതെ ഉപരിതലത്തിൽ മാത്രം പാടിയ കുറവിനെ ഓർത്ത് ദൈവമേ...

പ്രതി: **ഞങ്ങൾ അനുതപിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു.**

### സ്തോത്ര പ്രാർത്ഥന

അനുദിനം ദൈവത്തിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന ന കൾക്കായി നമുക്ക് ദൈവത്തിന് സ്തോത്രം അർപ്പിക്കാം. താഴെയുള്ള ഓരോ പ്രാർത്ഥനയ്ക്കും ശേഷം 'ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു' എന്ന് പ്രതിവാക്യമായി ചൊല്ലണം.

1. ആഗോള ക്രൈസ്തവസഭയുടെ ഭാഗമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും സഭയുടെ ശ്രേഷ്ഠമായ ആരാധനാ ക്രമങ്ങൾക്കായും, അവയുടെ പൈതൃകം നഷ്ടപ്പെടുത്താതെ ചിട്ടപ്പെടുത്തിയ സഭാ നേതൃത്വത്തിനായും ദൈവമേ...

പ്രതി: **ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു**

2. ആത്മീയജീവിതത്തിന് പരിപോഷണം നല്കുന്ന ക്രിസ്തീയഗാനങ്ങൾക്കായും ഗാനരചയിതാക്കൾക്കായും ഗാനരചനയ്ക്കായി ലഭിക്കുന്ന ആത്മീയ പ്രചോദനത്തിനായും, സഭയുടെ സംഗീത സംവേദന വിഭാഗമായ DSM&C ക്കായും ദൈവമേ...

പ്രതി: **ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു**

3. ഞങ്ങളുടെ ഇടവകയിലെ ഗായകസംഘത്തിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. അവർക്ക് ലഭിച്ചിരിക്കുന്ന താലന്തിനായും നിയോഗത്തിനായും ദൈവമേ...

പ്രതി: **ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു**

## മദ്ധ്യസ്ഥ പ്രാർത്ഥന

ആരാധനാസംഗീതത്തിന് നേതൃത്വം കൊടുക്കുന്നവർക്കായി നമുക്ക് പ്രാർത്ഥിക്കാം. അവർക്കായി മദ്ധ്യസ്ഥത അണയ്ക്കാം. താഴെയുള്ള എല്ലാ പ്രാർത്ഥനകൾക്കും ശേഷം **എന്നെന്നും നിന്നോട് പ്രാർത്ഥിച്ചിടാനായ്** എന്ന ഗീതം ആലപിക്കാം.

- മാർത്തോമ്മാ സഭയ്ക്കായും സഭയുടെ നേതൃത്വത്തിനായും സഭയുടെ വളർച്ചയ്ക്കായും പുരോഗതിയ്ക്കായും നമുക്ക് പ്രാർത്ഥിക്കാം.
- സംഗീതമെന്ന മാധ്യമത്തിലൂടെ സുവിശേഷീകരണം ശക്തിയാർജ്ജിക്കുന്നതിനും സവിശേഷമായ സംഗീതത്തിന്റെ അനന്തമായ സാധ്യതകളെ ദൈവരാജ്യപ്രവർത്തനത്തിനും മനുഷ്യസമൂഹത്തിന്റെ സൗഖ്യത്തിനും പുതുക്കത്തിനും മുഖാന്തിരമാക്കിത്തീർക്കുന്നതിനും പ്രാർത്ഥിക്കാം.
- DSM&C യുടെ ശുശ്രൂഷകൾ സഭയ്ക്കും സമൂഹത്തിനും ഏറെ അനുഗ്രഹകരമായിത്തീരുന്നതിനും വർത്തമാനകാല സമൂഹത്തിൽ സംഗതമായ സാക്ഷ്യം നിറവേറ്റാൻ ഇടയാകേണ്ടതിനായും പ്രാർത്ഥിക്കാം. പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ, വൈസ് പ്രസിഡന്റ്, ഡയറക്ടർ, ട്രഷറർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഓഫീസ് & ടെക്നിക്കൽ സ്റ്റാഫ് എന്നിവരെ ഓർത്ത് പ്രാർത്ഥിക്കാം. ഇടവകയിലെ ഗായകസംഘത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ലീഡേഴ്സ്, സെക്രട്ടറിമാർ, ഓർഗനിസ്റ്റുകൾ, മറ്റ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവരെയെല്ലാം ഓർത്ത് പ്രാർത്ഥിക്കാം.

: എന്നെന്നും നിന്നോട് പ്രാർത്ഥിച്ചിടാനായ്
നീ തന്ന കൃപകൾ അസംഖ്യമല്ലോ
ഓരോ നിമിഷവും ഓരോ ദിവസവും
അനവരതം കൃപകൾ ചൊരിയും നാഥൻ

## സമർപ്പണ പ്രാർത്ഥന

സർവ്വ ജ്ഞാനത്തിന്റെയും ആരംഭവും പൂർത്തീകരണവുമായ സ്വർഗ്ഗീയ പിതാവേ, സത്യത്തിന് സാക്ഷ്യം വഹിക്കുന്നതിനും പരിജ്ഞാനത്തോടും വിവേകത്തോടും കൂടെ അങ്ങയെ ആരാധിക്കുന്നതിനും ഞങ്ങളെ യോഗ്യരാക്കേണമേ. നിന്റെ ആലയത്തിൽ ഞങ്ങൾ ആലപിക്കുന്ന ഗാനങ്ങൾ ശുദ്ധിയുള്ള ഹൃദയങ്ങളിൽ നിന്നും വെടിപ്പുള്ള അധരങ്ങളിൽ നിന്നും നിങ്കലേക്ക് ഉയരേണമേ. ഞങ്ങളുടെ ഗാനങ്ങൾ തിരുസാന്നിദ്ധ്യത്തിന്റെ മനോഹാരിതയ്ക്ക് ഫലകരമായ സാക്ഷ്യമായിരിക്കേണ്ടതിന് ആരാധന ഭയഭക്തിയോടെ നിർവ്വഹിക്കുവാൻ ഞങ്ങളെ തിരുമുമ്പിൽ പ്രതിഷ്ഠിക്കുന്നു, ആശീർവ്വദിക്കേണമേ.

പ്രതി: **ആമേൻ.**

**OR**

## സമർപ്പണ ഗാനം

ഞാൻ പാടും എൻ യേശുവേ
എൻ ഗീതവും നീ മാത്രമേ
എൻ രക്ഷകൻ എൻ ദൈവം
ഞാനെന്നും നിന്നെ സ്തുതിച്ചിടും

എൻ ശ്വാസവും എൻ ജീവനും
എൻ ശബ്ദവും നിൻ ദാനമേ
എൻ പാതയും എൻ സ്വപ്നവും
എൻ ശൈലവും നീ ആകണേ

നിൻ ദാനമാം എൻ ആയുസ്സിൽ
നിറവേകുവാൻ കൃപയേകണേ
എൻ നാളുകൾ നിൻ സാക്ഷിയായ്
അനുഗമിച്ചിടാൻ വരമേകണേ

*****